# എസ്.എസ്.എൽ.സി-മലയാളം- കേരളപാഠാവലി

1."ലക്ഷ്മണസന്ദേശത്തിലെ  രാമന്റെ വാക്കുകൾ ചിന്താശേഷി നഷ്ടപ്പെട്ട വർത്തമാനകാല ജനതയോടുള്ള എഴുത്തച്ഛന്റെ വാക്കുകളാണ്." ഇതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദീകരിക്കുക

2.വത്സ,സൗമിത്രേ,കുമാരാ തുടങ്ങിയ സംബോധനകൾ ലക്ഷമണനെ അനുനയിക്കാൻ ഉതകുന്നതാണോ? ആണെങ്കിൽ ലക്ഷമണനിൽ ഉണ്ടാകാവുന്ന മാറ്റം എന്തായിരിക്കും? വിശദമാക്കുക

3."ശ്രീഭൂവിലസ്ഥിരയസംശയമെന്തു നിന്റെ-

യാഭൂതിയെങ്ങു പുനരിങ്ങുകിടപ്പിതോർത്താൽ"? സമാനമായ വരികൾ കണ്ടെത്തുക.

4"മനുഷ്യനും പ്രകൃതിയുമായുള്ള അഭേദ്യമായ ബന്ധത്തിന്റെ സാക്ഷാത്കാരമാണ് ശാകുന്തളം".ലേഖകൻ ഇത് വിശദമാക്കുന്നതെങ്ങനെ?

5.

കവികൾക്ക് ലോകമെമ്പാടും
ഒരു ഭാഷയേയുള്ളു
ഇലകൾക്കും തത്തകൾക്കും
ഗൗളികൾക്കുമെന്നപോലെ

.

സാഹിത്യത്തിന്റെ എന്തു പ്രത്യേകതയാണിവിടെ വിവക്ഷിക്കുന്നത്?

6. പുത്രമിത്രാർഥ കളത്രാദിസംഗമം ഘടകപദങ്ങളാക്കുക

7. "കോപം അഗ്നി പോലെയാണ്.നാശമുണ്ടാക്കിയേ അതടങ്ങൂ....." ഗാന്ധിജിയുടെ വാക്കുകൾ ലക്ഷ്മണസന്ദേശത്തിലെ ഏതു വരികളിൽ നിന്ന് വായിച്ചെടുക്കാം?

8.യക്ഷൻ കാളിദാസൻ തന്നെയാണോഎന്നു പോലും ചിന്തിച്ചുപ്പോകുന്നതെന്തുകൊണ്ട്?

9.

പുതുമേഘമാവുന്ന കൊമ്പനാനയെകണ്ടപ്പോൾ യക്ഷന് തോന്നിയ വികാരമെന്ത് ?

10. “മാംസനിബദ്ധമല്ലരാഗം....”(കുമാരനാശാൻ) “ഭോഗത്തിലല്ല ത്യാഗത്തിലാണ് സ്നേഹത്തിന്റെ പരിപൂർണ്ണത” എന്ന ആശയംഇവിടെ യോജിക്കുന്നുണ്ടോ? വിശദമാക്കുക.

11. ഹിമാലയവും കാളിദാസനും തുല്യരാകുന്നതെങ്ങനെയെല്ലാമാണ്?

12. “അമ്മയല്ലാതൊരു ദൈവമുണ്ടോ?
അതിലും വലിയൊരു കോവിലുണ്ടോ”
കാലം മറക്കാത്ത ത്യാഗമല്ലേ അമ്മ
കാണപ്പെടുന്നതാം ദൈവമല്ലേ..“(ശ്രീകുമാരൻ തമ്പി) ബഷീറിന
്അമ്മയോടുള്ള സ്നേഹം ഈ വരികളുമായി തട്ടിച്ചെഴുതുക.


<u>തയ്യാറാക്കിയത്</u>

**ഡോ.എൻ .മുരാരി ശംഭു**
**ഗവ.മുഹമ്മദൻസ് ഹൈസ്ക്കൂൾ.കൊല്ലകടവ്-ചെങ്ങന്നൂർ**